"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് - ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ് വാങ്ങുന്നതിന് ഭരണാനുമതി നൽകിയ ഉത്തരവ് ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2064/2026/H&FWD തീയതി,തിരുവനന്തപുരം, 21-06-2026

---

പരാമർശം:-

1. 11.07.2025 തീയതിയിലെ സ.ഉ(സാധാ) നം.1908/2025/ആകുവ നമ്പർ സർക്കാർ ഉത്തരവ്.
2. 09.06.2026 തീയതിയിലെ സ.ഉ(സാധാ)നം.1969/2026/H&FWD നമ്പർ സർക്കാർ ഉത്തരവ്.
3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 14.06.2026 തീയതിയിലെ പി.എ3/1793/2026/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ഒഫ്ഥാൽമോളജി വിഭാഗത്തിലേക്ക് "Advanced Multi Model Retinal imaging System with facities 1o do FFA and ICG" എന്ന ഉപകരണം വാങ്ങുവാനായി 2025-26 സാമ്പത്തിക വർഷം "2210-05-105-53-19(M&E) എന്ന ശീർഷകത്തിൽ നിന്നും ₹115,00,000/- രൂപയുടെ ഭരണാനുമതി നൽകികൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2) ലെ ഉത്തരവ് പ്രകാരം മേൽ ഉപകരണത്തിന് പകരം "ഒപ്പറേറ്റിംങ് മൈക്രോസ്കോപ്" എന്ന ഉപകരണം വാങ്ങുന്നതിനായി പുതുക്കിയ ഭരണാനുമതിയും ക്രയാനുമതിയും നൽകി ഉത്തരവാകുകയും ചെയ്തിരുന്നു. എന്നാൽ "ഒപ്പറേറ്റിംങ് മൈക്രോസ്കോപ്" എന്ന ഉപകരണം വാങ്ങുന്നതിനായി ₹1,15,00,000/രൂപയുടെ പുതുക്കിയ ഭരണാനുമതിയും, ടി കോളേജിന്റെ തന്നെ കാസ്പ് ഫണ്ടിൽ ലഭ്യമായ ₹2,14,339/- രൂപയും ചേർത്ത് ആകെ ₹1,17,14,339/-രൂപയുടെ പുതുക്കിയ ഭരണാനുമതിയും, ക്രയാനുമതിയും ആണ് നൽകേണ്ടിയിരുന്നതെന്നും ആയതിനാൽ പരാമർശം

(2) ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് നൽകണമെന്ന് പരാമർശ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ലെ ഉത്തരവ് പ്രകാരം "Advanced multi model Retinal Imaging System with facilities to do FFA and ICG" എന്ന ഉപകരണത്തിന് പകരം "Operating Microscope" എന്ന ഉപകരണം വാങ്ങുന്നതിനായി ഭരണാനുമതി നൽകിയ പുതുക്കിയ ഉത്തരവിൽ 2025-26 സാമ്പത്തിക വർഷം "Advanced multi model Retinal Imaging System with facilities to do FFA and ICG" എന്ന ഉപകരണം വാങ്ങുന്നതിനായി പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ ₹1,15,00,000/ രൂപയും, ടി കോളേജിന്റെ തന്നെ കാസ്പ് ഫണ്ടിൽ ലഭ്യമായ ₹2,14,339/- രൂപയും ചേർത്ത് ആകെ **₹1,17,14,339/- (ഒരു കോടി പതിനേഴ് ലക്ഷത്തി പതിനാലായിരത്തി മുന്നൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) രൂപയ്ക്ക്** ടി ഉപകരണം വാങ്ങുന്നതിന് ഭരണാനുമതിയും ക്രയാനുമതിയും നൽകി പരാമർശം (2) ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3) മേൽ ഭേദഗതിയോടെ മാത്രം പരാമർശം (2)ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ്, പാരിപ്പള്ളി, കൊല്ലം.

മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ (ഹെൽത്ത്-എ) വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ( ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (HEALTH-P2/52/2026-HEALTH )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 23-06-2026 11:07:23

സെക്ഷൻ ഓഫീസർ